(9) പണി മുടക്കിയ സർക്കാർ ജീവനക്കാർക്കെതിരായുള്ള കേസുകൾ

ശ്രീ. ഇ. പത്മനാഭൻ : സർ, 1985 ആഗസ്റ്റ് മാസത്തിൽ അദ്ധ്യാപകരും സംസ്ഥാന ഗവൺമെന്റ് ജീവനക്കാരും നടത്തിയ പണിമുടക്കിനോട് ബന്ധപ്പെട്ട് ഇന്നും 7 ജീവനക്കാർ സസ്പെൻഷനിലിരിക്കുകയാണ്. സാധാരണ പണിമുടക്ക് ഉണ്ടാകുന്ന സമയത്ത് കേസുകൾ ഉണ്ടാകാറ് പതിവാണ്. പണിമുടക്ക് പിൻവലിക്കുന്നതോടുകൂടി കേസുകൾ പിൻവലിക്കുകയും കേസുകൾ തുടരുന്ന ഘട്ടം വന്നാൽ സസ്പെൻഷനിൽ ഉള്ള ജീവനക്കാരെ തിരിച്ചെടുക്കുന്ന കീഴ്വഴക്കവും ഈ സംസ്ഥാനത്തുണ്ട്. എന്തുകൊണ്ട് കഴിഞ്ഞ പണിമുടക്കിനെ തുടർന്ന് ഗവൺമെന്റ് അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നില്ല ? പ്രതികാരബുദ്ധിയോടുകൂടി ജീവനക്കാരോട് പെരുമാറുന്നുവെന്ന് വളരെ വ്യക്തമായി ഈ സംഭവം തെളിയിക്കുകയാണ്. അതോടൊപ്പം സസ്പെൻഡ് ചെയ്ത ജീവനക്കാരെ അടിയന്തിരമായി തിരിച്ചെടുക്കണം. സംസ്ഥാന ജീവനക്കാർ ധാരാളം പണിമുടക്കുകൾ നടത്തിയിട്ടുണ്ട്. ഇൻഡ്യയിലുടനീളം പണിമുടക്കുകൾ നടത്തിയിട്ടുണ്ട്. ആസ്സാമികൾ ഇൻഡ്യയിൽനിന്ന് വിട്ടുപോകണമെന്നുപറഞ്ഞ് പണിമുടക്ക് നടത്തി. ആ ജീവനക്കാർക്ക് പൂർവ്വകാല പ്രാബല്യത്തോടുകൂടി ശമ്പള മുൾപ്പെടെ കൊടുത്ത സ്ഥിതിയാണ് ഇൻഡ്യാ രാജ്യത്തുള്ളത്.

ഇവിടെ ശമ്പള പരിഷ്ക്കരണത്തെ സംബന്ധിച്ച് ആവലാതികൾ യഥാസമയം പരിഹരിക്കാൻ കഴിയാത്തതുകൊണ്ടാണ് പണിമുടക്കേണ്ടിവന്നത്. അതിന്റെ പേരിൽ അഡീഷണൽ സെക്രട്ടറി ശ്രീ. സി. ജെ. ജോസഫിനെ പിരിച്ചുവിട്ടിരിക്കുകയാണ്. അച്ചടക്ക നടപടിയെടുത്തതല്ല ; കെ. എസ്. ആർ. റൂൾ 60 അനുസരിച്ച് നോട്ടീസ് ഇല്ലാതെ പിരിച്ചുവിടുന്ന ഒരു സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചത്. നമ്മുടെ സംസ്ഥാനത്ത് ചീഫ് എൻജിനീയർമാർ ഉൾപ്പെടെ പണിമുടക്കിയിട്ടുള്ള ചരിത്രം ഉണ്ട്. മേലുദ്യോഗസ്ഥൻമാരും ഡിപ്പാർട്ടുമെന്റ് മേധാവികളുടെ നിലവാരമുള്ളവരും പണിമുടക്കിയിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ നടക്കാത്ത ഒരു സംഭവമാണ്. ഇങ്ങനെ പിരിച്ചുവിടുകയെന്നുള്ളത് ഭരണഘടന 311(2) (സി) അനുസരിച്ച് ആന്ധ്രയിൽ തെലുങ്കാന, മുൾക്കി സമരം പഞ്ചാബ്, ഗുജറാത്ത് മുതലായ സ്ഥലങ്ങളിലും സമരം നടത്തിയിട്ടുണ്ട്. അവരെയെല്ലാം തിരിച്ചെടുത്തിട്ടുണ്ട്. അതുകൊണ്ട് പിരിച്ചുവിടപ്പെട്ട ശ്രീ. സി. ജെ. ജോസഫിനെ തിരിച്ചെടുക്കുകയും സസ്പെൻഷനിലുള്ള ജീവനക്കാരുടെ കേസ് പിൻവലിച്ചുകൊണ്ട് അവരെ സർവ്വീസിൽ തിരിച്ച് കയറ്റുകയും ചെയ്യണം. ലക്ഷക്കണക്കിന് ആളുകളെ ബാധിക്കുന്നതാണ് ശമ്പള പരിഷ്ക്കരണം. ഒട്ടേറെ പ്രശ്നങ്ങൾ സ്വാഭാവികമായി ഉണ്ടാകും. അനോമലിയുണ്ടായതിന്റെ പേരിൽ അവർ പ്രക്ഷോഭണം നടത്തി. അത് പരിഹരിക്കുന്നതിനുവേണ്ടി ഒന്നുകിൽ അവരുമായി ചർച്ച നടത്തണം. അല്ലെങ്കിൽ സ്ഥിരമായ സംവിധാനമുണ്ടാക്കണം. ഒന്നിനും ഗവൺമെന്റ് നടപടിയെടുത്തിട്ടില്ല. മറൊരു പ്രക്ഷോഭണത്തിന് വഴി തെളിക്കാതെ ഈ അനോമലിക്ക് പരിഹാരമുണ്ടാക്കാനുള്ള സംവിധാനമുണ്ടാക്കണം. പിരിച്ചുവിട്ട സി. ജെ. ജോസഫിനെ തിരിച്ചെടുക്കുകയും സസ്പെൻഷനിലിരിക്കുന്ന ജീവനക്കാരെ തിരിച്ചെടുക്കുവാനുമുള്ള നടപടി സ്വീകരിക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, പണിമുടക്ക് കഴിഞ്ഞയുടൻ പണിമുടക്കിൽ പങ്കെടുത്തുവെന്നതിന്റെ പേരിലും സമാധാനപരമായി നടത്തിയ മറ്റ് പരിപാടികളുടെ പേരിലും എടുത്തിട്ടുള്ള സസ്പെൻഷൻ

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിക്കുകയും തുടർന്നുള്ളകേസുകൾ പിൻവലിക്കാൻവേണ്ടി നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട് ; കേസുകൾ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ജോലിക്ക് പോയ സ്ത്രീകളെ അപമാനിക്കുകയും ദേഹോപദ്രവമേല്പിക്കുകയും ചെയ്ത കേസുകൾ പിൻവലിച്ചിട്ടില്ല. അത് കോടതി തീരുമാനിക്കേണ്ടതാണ്. ശിക്ഷിക്കാൻ സാദ്ധ്യതയുണ്ട് എന്നു തോന്നിയ കേസുകളിൽ 7 സസ്പെൻഷൻ നിലവിലുണ്ട്. ഇതെല്ലാം നേരിടാൻ തയ്യാറായിട്ടാണ് അവർ സമരം ചെയ്തത്. ഗവൺമെന്റിന് അവരോട് അങ്ങേയറ്റത്തെ അനുഭാവമുള്ളതുകൊണ്ട് അവരെ സർവ്വീസിൽ പ്രവേശിപ്പിക്കേണ്ട കാര്യം പരിശോധിച്ചുവരുന്നുണ്ട്. അനോമലി വന്നിട്ടുണ്ട്, അത് പരിശോധിക്കണമെന്ന് ഇവിടെ പറഞ്ഞു. അനോമലിയുണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഒരു കമ്മീഷനെതന്നെ വച്ചത്. ഹൈക്കോടതിയിലെ റിട്ടയേർഡ് ചീഫ് മസ്റ്റീസിന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ ശുപാർശ ചെയ്തിട്ട് ചിലെ അനോമലിയുണ്ടെന്ന്. പറഞ്ഞാൽ അത് തീരുകയില്ല. അതുകൊണ്ട് ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് പരിശോധിച്ച്, എന്തെങ്കിലും കഴമ്പുണ്ടെങ്കിൽ ന്യായമായി പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. ജോസഫിന്റെ കാര്യം ഹൈക്കോടതിയിലിരിക്കുകയാണ്. ഹൈക്കോടതിയുടെ വിധി വരട്ടെയെന്നു മാത്രമേ പറയുന്നുള്ളു. മറ്റൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല.

(10) എൻ. എച്ച്. 17-ലെ വരാപ്പുഴ-ചേരാനല്ലൂർ-ഏലൂർ ഫെറി

ശ്രീ. കെ. മുഹമ്മദാലി : സർ, എന്റെ നിയോജകമണ്ഡലത്തിൽ കൂടി കടന്നുപോകുന്ന നാഷണൽ ഹൈവേ 17-ലെ വരാപ്പുഴ, ചേരാനല്ലൂർ, ഏലൂർ ഫെറി നിലച്ചിട്ട് ഒരു മാസമായി. കഴിഞ്ഞ ഒരു മാസമായി വിവരണാതീതമായ പ്രയാസങ്ങളാണ് ആ പ്രദേശത്തുള്ള ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരു രോഗിയെ ആശുപത്രിയിൽ കൊണ്ടുപോകണമെങ്കിൽ പത്തിരുപത് കിലോമീറ്റർ കൂടുതൽ യാത്ര ചെയ്താൽ മാത്രമേ സാധിക്കുവെന്ന നിലവന്നിരിക്കുകയാണ്. ഇത് എന്റെ നിയോജകമണ്ഡലത്തിൽ മാത്രം വരുന്ന കാര്യമല്ല. ശ്രീ. എ. സി. ജോസിന്റെ പറവൂർ നിയോജകമണ്ഡലത്തിന്റെയും ശ്രീ. കെ. ജി. ആർ. കർത്തായുടെ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെയും ജനങ്ങൾ അനുഭവിക്കുന്ന വളരെ ഗുരുതരമായ സ്ഥിതിവിശേഷത്തിന് പരിഹാരം ഉണ്ടാക്കാനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചു കാണുന്നില്ല. കരാറുകാരനും പഞ്ചായത്ത് അധികൃതരും തമ്മിലുള്ള തർക്കമാണിതിനു കാരണമെന്നാണ് പറയപ്പെടുന്നത്. അതുമായി ബന്ധപ്പെട്ട കേസ് കോടതിയിൽ നിലനിൽക്കുന്നുണ്ട്. കോടതിയിൽ കേസ് നിലനിൽക്കുന്നതുകൊണ്ട് ഈ ഫെറി പുനഃസ്ഥാപിക്കുന്നതിനുള്ള യാതൊരു തടസ്സവുമില്ലെന്ന കാര്യത്തിൽ തർക്കമില്ല. കോട്ടപ്പുറം പാലം തുറന്നതോടുകൂടി എറണാകുളത്തേക്കുള്ള വളരെ പ്രധാനപ്പെട്ട റൂട്ടായ ഈ റൂട്ടിൽ വളരെയേറെ ആളുകൾ ഉപയോഗിക്കുന്ന ഈ ഫെറി കഴിഞ്ഞ ഒരു മാസമായി നിലച്ചു. അത് പുനഃസ്ഥാപിക്കുവാൻ ജില്ലാ അധികൃതർ തയ്യാറാകാത്തത് അങ്ങേയറ്റം നിർഭാഗ്യകരമായിപ്പോയി. ഇത് വളരെയേറെ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഇത് പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം. കരാറുകാരൻ തയ്യാറില്ലെങ്കിൽ ബദൽ ഏർപ്പാടുണ്ടാക്കണം. ഇപ്പോൾ പഞ്ചായത്താണ് ഇത് നടത്തുന്നതെങ്കിൽ തന്നെയും പഞ്ചായത്ത് അധികൃതർക്ക് നടത്താൻ പറ്റാത്ത സ്ഥിതി വരുകയാണെങ്കിൽ നാഷണൽ ഹൈവേ പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ വരുന്നതാണ്. ഇൻലാൻഡ് നാവിഗേഷൻ കടത്ത് നടത്തുന്നുണ്ട്. പൊതുമരാമത്തു വകുപ്പോ ഇൻലാൻഡ് നാവിഗേഷനോ ഏറ്റെടുത്ത് അടിയന്തിരമായി ഈ ഫെറി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly